# THE MALANKARA ORTHODOX SYRIAN CHURCH
# THE ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST

**St. Thomas Bhavan, Orthodox Youth Centre, Old Seminary Road, Chungom, Kottayam - 686 001, Kerala, India**
**Tel: 0481-2583997, E-mail : indianocym@gmail.com, Web : www.ocymonline.org**


ബഹുമാനപ്പെട്ട അച്ചൻ, ഒ.സി.വൈ.എം സലാല യൂണിറ്റ് ഭരണസമിതി അംഗങ്ങളെ സഹപ്രവർത്തകരേ,

യൂണിറ്റ് പ്രവർത്തകർക്ക് ക്രിസ്തുയേശുവിൽ സ്നേഹാഭിവാദനങ്ങൾ നേരുന്നു. ദൈവത്തിന്റെ അളവറ്റ കൃപയാൽ കേന്ദ്ര യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി പോകുന്നു. ആ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമായി പോകുന്നതിൽ വളരെ സന്തോഷം ഉണ്ട്. കേന്ദ്ര ഓഫീസുമായുള്ള ബന്ധം കൂടുതൽ സജീവമാകണം. 2017–2018 വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു വൈദികനും അൽമായനും ഉൾപ്പെട്ട രണ്ടുപേരുടെ ശമ്പളവും അലവൻസും മറ്റ് ആനുകൂല്യങ്ങൾ ഉൾപ്പടെ 60,000 ഓളം രൂപ ആവശ്യമായി വരുന്നു. അപൂർവ്വം ചില യൂണിറ്റുകൾ തന്ന സംഭാവനയും, യൂണിറ്റ് രജിസ്ട്രേഷനുമാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. സഭാ കേന്ദ്രത്തിൽ നിന്ന് വർഷം നാൽപതിനായിരം രൂപ ഗ്രാന്റ് ലഭിക്കുന്നുണ്ട്. കേന്ദ്ര ഓഫീസിന് കെട്ടിടമുണ്ടെങ്കിലും ഒരു ഓഫീസ് എന്ന നിലയിൽ അത് പുനരുദ്ധരിക്കേണ്ട ആവശ്യകതയുണ്ട്. മറ്റ് സഭകളുടെ യൂത്ത് ഓഫീസുകൾ വളരെ ഭംഗിയായിട്ടാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. പരിശുദ്ധ സഭയുടെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കുന്ന ഒ.സി.വൈ.എം.ന്റെ ഓഫീസ് ദീർഘനാളായി പെയിന്റിംഗ് പോലും ചെയ്യാതെ വളരെ ശോചനീയമയ അവസ്ഥയിലാണ്. കോട്ടയത്ത് പഴയസെമിനാരിയോട് ചേർന്ന് യുവജനപ്രസ്ഥാനത്തിന്റെ ഓഫീസ് ഈവിധം നിലനിൽക്കുന്നത് നമ്മുടെ അഭിമാനത്തെ ബാധിക്കുന്നതാണ്. അതിനാൽ ഓഫീസ് നവീകരണത്തിനായി ആ യൂണിറ്റിന്റെ ബജറ്റിൽ തുക ഉൾപ്പെടുത്തണമേ. വരുന്ന വർഷത്തേക്കുള്ള മാർഗ്ഗരേഖ ഉൾപ്പെടെയുള്ള കാര്യങ്ങൾ ക്രമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. യൂത്ത് കലാമേള ദൈവകൃപയാൽ ഭംഗിയായി നടത്തുവാൻ സാധിച്ചു. പരിശുദ്ധ സഭയുടെ ഊർജ്ജസംരക്ഷണ പദ്ധതിയുമായി യൂണിറ്റുകൾ കൂടുതൽ സഹകരിക്കണം. ഏവരുടെയും നന്മകളും പ്രാർത്ഥനകളും പ്രതീക്ഷിക്കുന്നു. ഇതുസംബന്ധിച്ച് അഭിവന്ദ്യ പ്രസിഡന്റ് തിരുമേനിയുടെ കൽപ്പന പിന്നാലെ അയക്കുന്നതാണ്.

സ്നേഹാദരവുകളോടെ,

ആജ്ഞാനുസരണം

പ്രസ്ഥാനത്തിനുവേണ്ടി

| | | |
|---|---|---|
| **ഫാ. ഫിലിപ്പ് തരകൻ** | **ഫാ. അജി കെ തോമസ്** | **ജോജി പി. തോമസ്** |
| വൈസ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി | ട്രഷറാർ |